8

# ജീവജലം

## (4:1- 42)

അവളുടെ പല കാര്യങ്ങളും എന്നെ അത്ഭുതപ്പെടുത്തുന്നു! അവളുടെ സ്വദേശം അവൾ ഇഷ്ടപ്പെട്ടിരുന്നോ, അതോ അവൾ നല്ലവരായ ആളുകളെ ഒഴിവാക്കുവാൻ ആഗ്രഹിച്ചോ? അവളുടെ ബാല്യകാലജീവിതം ഏതു തരത്തിലായിരുന്നിരിക്കും? അവളുടെ ചെറുപ്പത്തിൽ അവളുടെ മാതാപിതാക്കൾ അവളോടു ദയയോടെ പെരുമാറിയിരുന്നോ? അവളുടെ *ആദ്യ* ഭർത്താവു ഏതു തരക്കാരനായിരുന്നിരിക്കും? അവളുടെ വിവാഹങ്ങൾ (അഞ്ച്!) സുഖാറിൽ ഒരു റെക്കോർഡ് ആയിരുന്നോ? യേശുവിനെ ആദ്യം അവൾ കിണറ്റിനരികെ കണ്ടപ്പോൾ അവളുടെ മനോഭാവം എന്തായിരുന്നിരിക്കാം? അവളുടെ കണ്ണുകൾ ഗർവ്വോടെ നോക്കുന്നതു പോലെ ആയിരുന്നോ മനസ്, അല്ലെങ്കിൽ അന്നു അവൾ കുനിഞ്ഞ തോളോടും നുറുങ്ങിയ ഹൃദയത്തോടുമാണോ വന്നത്?

ശമര്യക്കാരി സ്ത്രീയെക്കുറിച്ചു പല കാര്യങ്ങളും ഒരിക്കലും അറിയുകയില്ല, അവളുടെ ജീവിതത്തിൽ സംഭവിച്ചിരിക്കാനിടയുള്ള കാര്യങ്ങളിലേക്കു വിശദമായി ചൂഴ്ന്നിറങ്ങാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. സുവിശേഷങ്ങളിലെ മറ്റു നഷ്ടപ്പെട്ടവരെ യേശു കാണുന്നതിൽനിന്നു വ്യത്യസ്തമായ രഹസ്യ സ്വഭാവത്തിലായിരുന്നു ഈ സംഭാഷണം. അവൾ ഒരിക്കൽ കിണറിൽനിന്നു വെള്ളം കോരുവാൻ പോയതു, ജീവിതത്തിൽ പലതും പലരെ വലിച്ചുതാഴ്ത്തിക്കൊണ്ടിരിക്കുന്നവർക്കു ഒരു മാതൃകയായി മാറി. അവളുടെ കഥയെ "ശമര്യക്കാരി സ്ത്രീ," എന്നാണ് വിളിക്കുന്നത്, അതുപോലെയാണ് മുഖ്യ കഥാപാത്രത്തിന്റെ "മുടിയനായ പുത്രൻ" എന്നു വിളിച്ചിരിക്കുന്നത്. വാസ്തവത്തിൽ അവ രണ്ടും ദൈവത്തെക്കുറിച്ചുള്ള പ്രാഥമികസംഭവങ്ങളാണ്, അകന്നു പോയ മക്കൾ മടങ്ങിവരുമ്പോൾ ആ അസാധാരണ വ്യക്തികളെ എങ്ങനെ അവൻ സ്വീകരിക്കുമെന്നു കാണിക്കയാണ്. "ശമര്യക്കാരി സ്ത്രീ" യുടെ സംഭവം, വിശ്വാസത്തിലുള്ള ഒരു പഠനം കൂടെയാണ്, ഈ സ്ത്രീ യേശുവുമായി നടത്തിയ സംഭാഷണത്തിലുടെ ജനങ്ങൾക്കാവശ്യമുള്ള വിശ്വാസത്തിൽ മൂന്നു പ്രധാന സത്യങ്ങൾ ബോധ്യപ്പെടുത്തുന്നു.

### സാഹചര്യങ്ങൾക്കുപരിയാണ് വിശ്വാസം

യെഹൂദ്യയിൽ നിന്നു ഗലീലയയിലേക്കു മടങ്ങുകയായിരുന്ന

യേശുവും ശിഷ്യന്മാരും യാക്കോബിന്റെ കിണറ്റിനരികെ എത്തിയപ്പോഴേക്കും ഏതാണ്ട് ഉച്ചയായിരുന്നു. ഈ പുരാതന സ്ഥലം ശമര്യപട്ടണമായ സുഖാറിനടുത്തായിരുന്നു. അവർക്കു അവിടെ ഭക്ഷണം കിട്ടുമെന്നോർത്തു അവിടെ വിശ്രമിച്ചു. ശിഷ്യന്മാർ ഭക്ഷണത്തിനു പോയപ്പോൾ യേശു ക്ഷീണിച്ചു തനിയെ കിണറ്റിനരികിൽ ഇരുന്നു. അപ്പോൾ ഒരു ശമര്യക്കാരി വെള്ളം കോരുവാൻ വന്നു. സാധാരണ, അത്തരം സന്ദർഭം കണ്ടില്ലെന്നു നടിക്കുകയാണ് പതിവ്; സ്ത്രീ ക്ഷീണിതനായി ഇരിക്കുന്ന യെഹുദനെ ശ്രദ്ധിക്കാതെ വെള്ളം കോരി സ്ഥലം വിടും. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, ആ സ്ത്രീക്കു അത്ഭുതകരമായി ചിലതു സംഭവിച്ചു; യെഹൂദൻ അവളോടു സംസാരിച്ചു! അവൻ കുടിപ്പാൻ വെള്ളമേ ചോദിച്ചുള്ളു, പക്ഷെ അവൾ ഞെട്ടിപ്പോയി, അവനോടു അവൾ, **"നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ എന്നു പറഞ്ഞു?" (4:9).** പിന്നെ ആ സ്ത്രീയും യേശുവും തമ്മിൽ ജീവിതം - മാറുന്ന സംഭാഷണം നടത്തുവാൻ തുടങ്ങി.

അടുത്ത ഏതാനും നിമിഷങ്ങളിൽ അവൻ അവളുടെ ഏറ്റവും വലിയ ആവശ്യത്തെയും, അവളുടെ തീവ്രമായ ദു:ഖത്തെയും, അവന്റെ മശിഹ എന്ന വ്യക്തിത്വത്തെയും ബോധ്യമാക്കി! അവസാനം, അവൾ മാത്രമല്ല യേശുവിൽ വിശ്വസിച്ചത്, ആ പട്ടണത്തിലെ അനേകർ അവനിൽ വിശ്വസിച്ചു. മാനുഷിക നിലയിൽ നോക്കിയാൽ അസാധാരണയായ ഒരു സ്ത്രീയോടായിരുന്നു യേശു സുവിശേഷം അറിയിച്ചിരുന്നത് എന്നതായിരുന്നു അവളിലെ പ്രത്യേകത. വിശ്വാസം സാഹചര്യംകൊണ്ടു കെട്ടിയിടേണ്ടതല്ല എന്നാണ് യേശു അവളോടു പറഞ്ഞത്. അങ്ങനെ ആയിരുന്നെങ്കിൽ, അവൾ ഒരിക്കലും ഒരു വിശ്വാസി ആകുമായിരുന്നില്ല, കാരണം, അന്നു തന്നെ അവൾക്കു എതിരായി മൂന്നു പ്രഹരം[1] ഏറ്റിരുന്നു.

### പ്രഹരം 1: അവൾ ഒരു ശമര്യക്കാരി ആയിരുന്നു

യെഹൂദന്മാരും ശമര്യക്കാരും തമ്മിലുള്ള പിണക്കം ഏതാണ്ടു എഴുന്നൂറു വർഷങ്ങൾക്കു മുൻപു യിസ്രായേല്യർ പ്രവാസത്തിൽ പോയപ്പോൾ തുടങ്ങിയതാണ്. ദേശത്തു അവശേഷിച്ചിരുന്നവരിൽ പലരും അന്യദേശക്കാരുമായും വിവാഹം കഴിച്ചുകൊണ്ടു അവരുടെ ആത്മികവും സംസ്കാരവുമായ യിസ്രായേൽ മക്കൾ എന്ന വ്യക്തിത്വം ഇല്ലാതാക്കി. ബാബിലോണിലായിരുന്ന യിസ്രായേൽ ജനം ദൈവാലയം പണിയുവാൻ യെരുശലേമിലേക്കു മടങ്ങി വന്നപ്പോൾ, അവിടെത്തന്നെയുണ്ടായിരുന്ന തങ്ങളുടെ ബന്ധുക്കളുമായി ഒരു കാര്യവുമില്ലാതായി.[2]

കുറെ കഴിഞ്ഞ്, അകറ്റിനിർത്തപ്പെട്ട ശമര്യക്കാർ പഴയനിയമ അനുഗ്രഹ പർവ്വതമായ ഗെരേസീനിൽ ഒരു ആലയം പണിതു. രണ്ടു കൂട്ടരും പരസ്പരം സംശയദൃഷ്ടിയോടെയാണ് കണ്ടത്, ബി.സി. 128-ൽ, ഒരു കൂട്ടം യെഹൂദന്മാർ ശമര്യരുടെ ദൈവാലയം കത്തിച്ചു കളഞ്ഞു. യെഹൂദ ഉപദേഷ്ടാക്കന്മാർ അവരോടു വെച്ചു പുലർത്തിയ അവജ്ഞ നിമിത്തം, ആ ദു:ഖകരമായ അവസ്ഥയുണ്ടായതിൽ, അതിശയിക്കാ

നില്ല. മിഷ്നാ പറയുന്നു, "ശമര്യരുടെ പെൺമക്കൾ അവരുടെ തൊട്ടിലിലെ തീണ്ടാരിയെ പോലെ [അശുദ്ധർ] ആയാണ് കണക്കാക്കിയിരുന്നത്."[3] മറ്റൊരർത്ഥത്തിൽ, ശമര്യക്കാരി സ്ത്രീകൾ അവരുടെ സ്വഭാവത്തിൽ തന്നെ അശുദ്ധരായിരുന്നു! "ശമര്യക്കാരുടെ ഭക്ഷണം കഴിക്കുന്നതു പന്നിയിറച്ചി ഭക്ഷിക്കുന്നതുപോലെയാണ്" എന്നു മിഷ്നയിൽ റബ്ബി എലിയേസർ പറയുന്നു.[4] എൻഐവിയിൽ "യെഹൂദന്മാർക്കു ശമര്യക്കാരുമായി ഒരു ഇടപാടുമില്ല" എന്നാണ്, അത് അർത്ഥമാക്കുന്നതു, "യെഹൂദന്മാർ ശമര്യരുടെ പാത്രങ്ങൾ ഉപയോഗിക്കരുത്" അല്ലെങ്കിൽ, എൻആർഎസ്‌വിയിലേപോലെ "യെഹൂദന്മാർ ശമര്യക്കാരുമായി പൊതുവിൽ സാധനങ്ങൾ കൈമാറുകയില്ല." ഈ പശ്ചാത്തലം എല്ലാം വെച്ചുകൊണ്ടു, യേശു ശമര്യക്കാരി സ്ത്രീയോടു സംസാരിച്ചതു വിസ്മയം ഉളവാക്കുന്നു. അവളുടെ പാത്രത്തിൽ കുടിപ്പാൻ ചോദിച്ചതു തന്നെ അമ്പരപ്പിക്കുന്നു, എന്നാൽ അവൻ അവൾക്കു ദൈവത്തിന്റെ "ജീവജലം" വാഗ്ദാനം ചെയ്തതു അവിശ്വസനീയമായി തോന്നാം!

**പ്രഹരം 2: അവൾ ഒരു സ്ത്രീയായിരുന്നു**

ശിഷ്യന്മാർ ടൗണിൽനിന്നു ഭക്ഷണവുമായി തിരിച്ചെത്തിയപ്പോൾ, "അവൻ സ്ത്രീയോടു സംസാരിക്കയാൽ ആശ്ചര്യപ്പെട്ടു" (4:27). ഈ പ്രത്യേക സ്ത്രീയോടു സംസാരിക്കുന്നതിലല്ല അവർ ആശ്ചര്യപ്പെട്ടത്; അവൻ സ്ത്രീയോടു സംസാരിച്ചതിലായിരുന്നു! യേശു ഒരു ശമര്യക്കാരനുമായി ഇരിക്കുന്നതു പോലും ശിഷ്യന്മാർക്കു അരോചകമായിരുന്നു, അതിലുപരിയായിരുന്നു അവർ മടങ്ങി വന്നപ്പോൾ യേശു ഒരു ശമര്യക്കാരി *സ്ത്രീയോടു* സംസാരിച്ചത്.

ഒരിക്കൽകൂടെ, റബ്ബിമാരുടെ ഉപദേശങ്ങൾ ശമര്യക്കാരി സ്ത്രീക്കെതിരായിരുന്നു. സ്ത്രീകളോടു അധികം സംസാരിക്കരുതെന്നാണ് തൽമൂദിൽനിന്നു റബ്ബി ഉദ്ധരിച്ചു തന്റെ വായനക്കാരെ പ്രബോധിപ്പിക്കാറ്, ഒരാൾ തന്റെ സ്വന്ത ഭാര്യയോടു പോലും![5] സ്ത്രീകൾ ധാർമ്മികമായി തരം താഴ്ന്നവരായിട്ടാണ് ചില ന്യായപ്രമാണ ഉപദേഷ്ടാക്കന്മാർ കണക്കാക്കിയിരുന്നത്, പുരാതനമായ ഒരു പ്രാർത്ഥനയിൽ പറയുന്നത്, "യഹോവേ, നീ എന്നെ, ഒരു സ്ത്രീ ആയി മെനയാതിരുന്നതിനാൽ, നിന്നെ വാഴ്ത്തുന്നു." സ്ത്രീ ആയിരുന്നതു ആ സ്ത്രീയുടെ രണ്ടാമത്തെ പ്രഹരം.

**പ്രഹരം 3: അവൾക്കു ഒരു പൂർവ്വകാല ചരിത്രമുണ്ടായിരുന്നു**

സംഭാഷണമദ്ധ്യേ ശമര്യക്കാരിയുടെ ജീവിതത്തിലെ വേദനിപ്പിക്കുന്ന ഭൂതകാലം യേശു അറിഞ്ഞതായി സൂചിപ്പിച്ചു. അവൾ അഞ്ചു പ്രാവശ്യം വിവാഹം കഴിച്ചു എന്നും ഇപ്പോൾ അവളുമൊത്തു ജീവിക്കുന്നതു അവളുടെ ഭർത്താവല്ല എന്നും അവൻ അവളോടു പറഞ്ഞു (4:18). അവളുടെ പരാജയപ്പെട്ട ബന്ധങ്ങളാൽ അവൾക്കുണ്ടായ പോരാട്ടം, ത്യജിക്കൽ, ഭദ്രതയില്ലായ്മ, ലജ്ജ, വേദന എന്നിവ നമുക്കു ഊഹിക്കാവുന്നതേയുള്ളു. അവൾ കിണറ്റിനരികിലേക്കു വന്നപ്പോൾ, ഒരുപക്ഷെ, അവൾ തന്റെ ദാമ്പത്യബന്ധം ഉപേക്ഷിച്ചിരിക്കാം, അല്ലെ

ങ്കിൽ ഏതെങ്കിലും ഒരു പുരുഷൻ അവളെ സ്വീകരിപ്പാൻ വന്നാൽ അവൾ തയ്യാറായിരിക്കാം.

വിവാഹമോചനത്തിന്റെ തിക്തമായ അനുഭവം ഉണ്ടായ അനവധി ക്രിസ്തീയ സ്നേഹിതന്മാർ എനിക്കുണ്ട്. അവരാരും വിവാഹമോചനം ആഗ്രഹിച്ചതല്ല, അവരിൽ മിക്കവരും പരാജയ ദാമ്പത്യബന്ധം ശരിയാക്കുവാൻ കിണഞ്ഞു പരിശ്രമിച്ചവരുമാണ്. "ഏകദേഹം" ആയിരുന്നവർ രണ്ടായി കഴിഞ്ഞപ്പോൾ ഉണ്ടായ വേദന അവരെല്ലാവരും അനുഭവിച്ചു, വിവാഹമോചനം കൊണ്ടുവന്ന ദുഷ്ക്കീർത്തി 1990 കളിൽ പോലും അവർ അനുഭവിച്ചു. വിവാഹ - മോചനം കഴിയാത്തവരേക്കാൾ വിവാഹമോചനത്തെ വെറുക്കുന്നവരാണ് ക്രിസ്തുവിലുള്ള ആ സഹോദരന്മാർ. ദൈവം ആദ്യമേ ഉപേക്ഷണത്തെ വെറുത്തതു എന്തുകൊണ്ടെന്നു അവർക്കു നന്നായി അറിയാം (മലാഖി 2:16), കാരണം അതു അവരുടെ തന്നെ ജീവിതം തകർത്തു കളഞ്ഞു. വർഷങ്ങൾക്കു മുൻപു സംഭവിച്ച മോചനസംഭവത്തിലെ വൈകാരികമുറിവുകൾ ഇന്നും അധികം പേരെയും അലട്ടുന്നുണ്ട്. ശമര്യക്കാരി സ്ത്രീയുടെ *അഞ്ചു* മോചനങ്ങളിൽ നിന്നും അവൾക്കുണ്ടായ മുറിവുകളെ ഊഹിക്കുക![6]

"മൂന്നു ഗോളായി, ഇനി നിങ്ങൾ പുറത്ത്!" എന്നു ബേസ് ബോൾ കളിക്കുമ്പോൾ അവർ പറയുന്നതുപോലെ, യേശുക്രിസ്തുവിനു അവളെ വിട്ടു മറ്റാരെയെങ്കിലും തിരഞ്ഞു പോകാമായിരുന്നില്ലേ? അവൾ ശമര്യ പട്ടണത്തിലെ നല്ലവളായിട്ടായിരുന്നു വന്നതെങ്കിൽ സ്ഥിതി ബുദ്ധിമുട്ടുണ്ടാക്കുമായിരുന്നു. അവളുടെ വേദന നിറഞ്ഞ ഭൂതകാലജീവിതവും, അപ്പോഴത്തെ ഹീനമായ ജീവിതവും സുവിശേഷം സ്വീകരിക്കുന്നതിനു അനുയോജ്യമായി അവളെ യേശു തിരഞ്ഞെടുത്തു.

വിശ്വാസം ഒരാളുടെ സാഹചര്യത്തിൽ കെട്ടിയിടേണ്ടതല്ല എന്നാണ് യേശുവും ശമര്യക്കാരിയും തമ്മിലുള്ള ശക്തമായ സംഭാഷണം മുഴുവൻ വ്യക്തമാക്കുന്നത്. ദൈവദൃഷ്ടിയിൽ, ഒരാളുടെ വർഗ്ഗമോ, ദേശമോ, ലിംഗമോ, ഭൂതകാലമോ പ്രശ്നങ്ങൾ - അല്ല. മറ്റേതൊരു പ്രസംഗത്തെക്കാളും മെച്ചപ്പെട്ടതായിരുന്നു കിണറ്റിനരികെയുള്ള സംഭാഷണം!

## പെരുമാറ്റത്തിൽ കെട്ടപ്പെട്ട വിശ്വാസം

തന്റെ, സ്ത്രീയോടുള്ള സംഭാഷണത്തിൽ, ഒരു നിർണ്ണായക നിമിഷം യേശു, അവളോടു പോയി അവളുടെ ഭർത്താവിനെ വിളിച്ചു കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. അവൾ തനിക്കു ഭർത്താവില്ല എന്നു പറഞ്ഞപ്പോൾ, യേശു പറഞ്ഞു, " 'എനിക്കു ഭർത്താവില്ല' എന്നു നീ പറഞ്ഞതു ശരി അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോഴുള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ എന്നു യേശു പറഞ്ഞു" (4:17, 18). ആഴമേറിയ ആത്മീയ സംഭാഷണത്തിനിടയിൽ അസാധാരണമായ ഒരു തടസം നേരിട്ടു. "ജീവജലം" എന്നു പറഞ്ഞു കൊണ്ട് യേശു എന്തുകൊണ്ടാണ് ഉടനെ അവളുടെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞത്? അവളുടെ ആവേശം മാത്രമല്ല, അവ

ളുടെ ജീവിതം മുഴുവൻ യേശുവിന്റെ അടുക്കൽ കൊണ്ടു വരേണ്ട തുണ്ട് എന്നു അവളുടെ പ്രതികരണവും അതിനുള്ള യേശുവിൻ മറു പടിയും വ്യക്തമാക്കുന്നു. അവൾ തന്റെ വ്യക്തിപരമായ ജീവിതത്തെ പുനരവലോകനം നടത്തുന്നതുവരെ, അവളുടെ വിശ്വാസം വ്യാജമാ യിരിക്കും.

വിശ്വാസം സാഹചര്യത്താൽ കെട്ടപ്പെടരുത് എന്നത്, നമ്മുടെ വിശ്വാസം പെരുമാറ്റത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതു വളരെ പ്രധാനമാണ്. ഒരാൾക്കു യേശുവിലുള്ള വിശ്വാസം പ്രകടിപ്പിക്കുവാനും അവൻ തന്റെ ജീവിതത്തിലേക്കു വരുവാൻ അനുവദിക്കാതിരിക്കു വാനും സാധ്യതയുണ്ട്. ഒരാൾ വിശ്വാസ വഴി അന്വേഷിക്കുമ്പോൾ, തന്റെ ജീവിതം മുഴുവൻ കർത്താവിലേക്കു കൊണ്ടു വരേണ്ടതുണ്ട്. സൈന്യത്തിൽ പോരാടിയിരുന്ന "ക്രിസ്ത്യാനി" കളായിരുന്നവരുടെ കഥകൾ ഒരുപക്ഷെ നിങ്ങൾ കേട്ടിരിക്കാം. ആ പടയാളികൾ സ്നാന മേറ്റപ്പോൾ അവരുടെ വലതുകൈ വെള്ളത്തിൽ മുങ്ങാതെ ഉയർത്തിപ്പിടിക്കും. അങ്ങനെ യുദ്ധത്തിൽ അവരുടെ വലത്തുകൈ കൊണ്ടു എന്തും ചെയ്യാമല്ലൊ. എന്നിട്ടു പറയും "ആ കൈ സ്നാനം ഏറ്റിട്ടില്ല!" യേശു അവളോടു പറഞ്ഞതു, അവൾ തന്റെ ജീവിതം മുഴു വൻ ദൈവത്തിനു നല്കിയില്ലെങ്കിൽ, ഒന്നും നല്കുന്നില്ല എന്നാണ്.

വാസ്തവത്തിലുള്ള വിശ്വാസത്തോടു അനുസരണം ബന്ധപ്പെട്ടി രിക്കുന്നതായി അസംഖ്യം പുതിയനിയമഭാഗം വ്യക്തമാക്കുന്നു. മത്തായി 7:21-ൽ യേശു പറഞ്ഞു, ''എന്നോടു 'കർത്താവേ, കർത്താവേ' എന്നു പറയുന്നവൻ ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കു ന്നത്" വർഷങ്ങൾക്കു ശേഷം യാക്കൊബ് എഴുതി, "അങ്ങനെ വിശ്വാ സവും പ്രവൃത്തികൾ ഇല്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു" (യാക്കൊബ് 2:17). വിശ്വാസവും അനുസരണവും വേർപെടുത്താവു ന്നതല്ല. ശമര്യക്കാരി സ്ത്രീ തന്റെ ജീവിത്തിന്റെ എല്ലാ മേഖലകളി ലേക്കും യേശുവിനെ പ്രവേശിക്കുവാൻ അനുവദിക്കുന്നിടത്തോളം അവൾ വാസ്തവത്തിലുള്ള വിശ്വാസത്തിലേക്കു വരുന്നില്ല.

ഞാനും നിങ്ങളും ഇന്നു ആരോടെങ്കിലും നിങ്ങളുടെ ചെക്ക്ബു ക്കോ, നികുതി അടച്ച രസീതോ, പ്ലാനറോ, ഡയറിയോ കൊണ്ടു വരാൻ പറയുന്നതു പോലെയായിരുന്നു യേശു അവളോടു ഭർത്താവിനെ കൊണ്ടുവരാൻ പറഞ്ഞതു. നമ്മുടെ ജീവിതകാഴ്ച്ചപ്പാടുകളല്ല വിശ്വാസം; അതു നമ്മുടെ ജീവിതം മുഴുവൻ ഉൾപ്പെടുന്നതാണ്. ആ സ്ത്രീയുടെ കഴിഞ്ഞകാലജീവിതം വെച്ചു യേശു അവളെ ദൈവരാ ജ്യത്തിന്നു അയോഗ്യയാക്കുന്നില്ല, എന്നാൽ അവൾ തന്റെ ജീവിതം മുഴുവൻ കൊണ്ടുവരുവാൻ അവൻ ശഠിക്കുന്നുണ്ട്. അവളുടെ കഴി ഞ്ഞകാല പാപജീവിതം അവസാനിപ്പിക്കുവാൻ അവൻ ആവശ്യപ്പെ ട്ടു. വിശ്വാസത്തെ നാം നമ്മുടെ ജീവിതവഴിയിൽനിന്നു വേർപെടുത്തി നിർത്തിയാൽ, അതു വിശ്വാസമേ അല്ല!

## സത്യാരാധനയിൽ വിശ്വാസം പ്രകടിപ്പിക്കുന്നു

യേശു അവളോടു ഭർത്താവിനെ കൊണ്ടുവരുവാൻ പറഞ്ഞപ്പോൾ, അവരുടെ സംഭാഷണം ഒരു മുഖ്യ വഴിത്തിരിവിലേക്കു മാറുമെന്നു തോന്നിയേക്കാം; എങ്കിലും, നാം വിചാരിച്ചതുപോലെ, ആയില്ല. അടുത്തതായി, സ്ത്രീ പറഞ്ഞു, "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്ക്കരിച്ചു വന്നു; നമസ്ക്കരിക്കേണ്ടുന്ന സ്ഥലം യെരുശലേം ആണെന്നു നിങ്ങൾ പറയുന്നു" (4:20). അവൾ തന്റെ വ്യക്തിപരമായ സാഹചര്യങ്ങളിൽനിന്നു വിഷയം മാറ്റി യേശുവിനെ മതപരമായ വിവാദത്തിലേക്കു കൊണ്ടു പോയതായി തോന്നുന്നു. എങ്ങനെയായാലും, യേശു അവളുടെ ചോദ്യം ഉപയോഗിച്ചു അവളെ ദൈവത്തിങ്കലേക്കു നയിക്കുകയായിരുന്നു.

ആദ്യമായി, ആരാധന, ഗെരാസിം പർവ്വതത്തിലോ, യെരുശലേമിലോ, പ്രത്യേകമായ ഒരു സ്ഥലത്തോ ഒതുങ്ങി നില്ക്കുന്നതല്ല എന്ന സത്യം അവൻ അവളോടു പറഞ്ഞു. ഇതു പറഞ്ഞതിൽനിന്നു ഗെരാസിം പർവ്വതം യെരുശലേം പോലെയാണെന്നു അർത്ഥമാക്കരുത്, "രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലൊ വരുന്നത്" എന്നു അവൻ വ്യക്തമാക്കുന്നുണ്ട് (4:22). "എന്നാൽ," അവൻ പറയുന്നു "സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു; തന്നെ നമസിക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇഛിക്കുന്നു" (4:23).

യേശു അവളെ പഠിപ്പിച്ച, ആരാധന, ഒരു സ്ഥലത്തെ സംബന്ധിച്ചതായിരുന്നില്ല. ഗെരാസിം പർവ്വതവും യെരുശലേമും ഉടനെ പ്രസക്തമല്ലാതാകും. സത്യനമസ്ക്കാരം ആത്മാവിലും (പഴയനിയമ ഭൗതികമായ, പ്രത്യേകനിയമാവലികൾക്കെതിരായി) സത്യത്തിലും ആകും (പഴയനിയമ നിഴലുകൾക്കെതിരായി).[7] ഈ ചോദ്യത്തിന്മേൽ പന്തിരുവർക്കുണ്ടായ അതേ തെറ്റിദ്ധാരണ ഒരുപക്ഷെ ശമര്യക്കാരി സ്ത്രീക്കും ഉണ്ടായിക്കാണും. അവളെ യേശു ഒരു സ്ഥലത്തുള്ള ആരാധന എന്ന കെട്ടുപാടിൽ നിന്നു സത്യനമസ്ക്കാരത്തിലേക്കു നയിക്കുകയായിരുന്നു. ദൈവത്തിന്റെ ആത്മിയസ്വഭാവം നിമിത്തം, സത്യനമസ്ക്കാരം ആത്മീയമാകുന്നു.

പ്രായാധിക്യത്താൽ വിരമിക്കാറായ ഒരു ഉപദേഷ്ടാവിന്റെ ഒരു പരിവർത്തനത്തെക്കുറിച്ചു ജോൺ കിലിഞ്ചർ പറയുകയുണ്ടായി. ആ പ്രായമായ മനുഷ്യൻ പ്രസംഗിച്ചുകൊണ്ടിരുന്ന മനോഹരകെട്ടിടത്തിലേക്കു രണ്ടു മനുഷ്യർ കടന്നുവന്നപ്പോൾ കിലിഞ്ചർ അദ്ദേഹത്തോടു, പ്രായമായ ഈ സമയത്തുണ്ടായിക്കൊണ്ടിരിക്കുന്ന ചിന്തകൾ എന്താണെന്നു ചോദിച്ചു. അടിക്കടി തന്നിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു സ്നേഹത്തെക്കുറിച്ചാണ് എന്നു പറഞ്ഞു:

> "സ്നേഹത്താൽ," അദ്ദേഹം പറഞ്ഞു, "ഞാൻ അർത്ഥമാക്കിയത്," തന്റെ കൈ പകുതി - വീശിക്കോണ്ട്, അഞ്ചു വർഷങ്ങൾ കൊണ്ടു പൂർത്തിയാക്കിയ ആ വലിയ കെട്ടിടം സൂചിപ്പിച്ചു പറഞ്ഞു, "അവ

സാനം ഈ കെട്ടിടം പണിയുവാനാണ് വിചാരിച്ചത്. പഴയ വലിയ കെട്ടിടമുണ്ടായിരുന്നതു അറിയാമല്ലോ. ഇപ്പോൾ, പുതിയതു പണിതു. ഞാൻ സ്നേഹത്തെക്കുറിച്ചു ധാരാളം ചിന്തിക്കുന്നു. ആളുകൾ മാറിയില്ലെങ്കിൽ കെട്ടിടം എന്തിനു കൊള്ളാം? എന്റെ ശിഷ്ടകാല ദൗത്യം ആളുകളെ എങ്ങനെ സ്നേഹിക്കണം എന്നു പഠിപ്പിക്കും. അവർ പഠിച്ചില്ലെങ്കിൽ. ...” അവന്റെ വാക്കുകൾ മറ്റൊരു ആംഗ്യത്തോടെയായിരുന്നു, അതിൽ പകുതി നിരാശ കലർന്നതായിരുന്നു, അതു മാറ്റുവാൻ കഴിയുകയില്ല എന്ന തോന്നലായിരുന്നു. ഒരു കെട്ടിട നിർമ്മാതാവു എന്ന നിലയിലെ അയാളുടെ വിജയം ഒന്നുമല്ല എന്നും സകലത്തിന്റെയും ലക്ഷ്യം സ്നേഹമാണെന്നും ഒടുവിൽ അയാൾ തിരിച്ചറിഞ്ഞു.[8]

മതത്തിൽ തന്നെ ധാരാളും പ്രശ്നങ്ങൾ ഉണ്ട്; അവയിൽ ചിലതു മറ്റുള്ളവയേക്കാൾ പ്രാധാന്യം ഉള്ളവയാണ്. വ്ശ്വാസം, ആരാധന, സ്നേഹം എന്നിവയെക്കുറിച്ചുള്ള പ്രശ്നങ്ങളാണ് ഏറ്റവും വലുത്. യേശു ശമര്യക്കാരി സ്ത്രീയോടു സത്യത്തിലും ആത്മാവിലും ഉള്ള നമസ്ക്കാരം എന്തെന്നു ചൂണ്ടിക്കാണിച്ചപ്പോൾ, തെറ്റിദ്ധരിക്കപ്പെട്ട അവളുടെ ജീവിതത്തിലെ പ്രധാന ആവശ്യം എന്തെന്നു ബോധ്യമാക്കുകയായിരുന്നു. അതുമായി താരതമ്യം ചെയ്യുമ്പോൾ മിക്കതും ദൈവാലയവും മലയും അടക്കം ഒന്നുമല്ല.

**ഉപസംഹാരം**

നമസ്ക്കാരത്തെക്കുറിച്ചു യേശു സംസാരിച്ചപ്പോൾ ശമര്യക്കാരി സ്ത്രീ വീണ്ടും വിഷയം മാറ്റി. “മശിഹ വരുന്നു എന്നു ഞാൻ അറിയുന്നു (ക്രിസ്തു എന്നു വിളിക്കുന്നവൻ); അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞു” (4:25). സുവിശേഷത്തിൽ അപൂർവ്വമായി – യേശു ഞെട്ടിക്കുന്ന, ചിലതു ചെയ്തു: താൻ വാസ്തവത്തിൽ ആരായിരുന്നു എന്നു അവൻ അവളോടു പറഞ്ഞു! “നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ മശിഹ എന്നു പറഞ്ഞു” (4:26). ആ വെളിപ്പെടുത്തൽ അവൻ പുരോഹിതന്മാരോടോ രാജാക്കന്മാരോടോ നടത്തിയില്ല; അതു അധാർമ്മികയായ ഒരു ശമര്യക്കാരിയോടായിരുന്നു! രാജ്യത്തിന്റെ വിത്തിനു പറ്റിയ ഫലപൂയിഷ്ടമായ ഹൃദയം യേശു അവളിൽ കണ്ടു. അതുകൊണ്ടു ദൈവസന്ദേശം അവൻ അവളോടു അറിയിച്ചു.

അവസാനം, ഞാനും നിങ്ങളും കിണറ്റിനരികിൽ യേശുവിനോടൊപ്പം നില്ക്കുന്നു. നാം ദൈവപുത്രനെ കണ്ടു, നമ്മുടെ തെറ്റിദ്ധാരണയും, പ്രത്യാശയും, നമ്മുടെ ഭൂതകാലവും, വേദനയും എല്ലാം അവന്റെ അടുക്കൽ കൊണ്ടുവരുന്നു. അവൻ ഈ സത്യങ്ങളെ പഠിപ്പിക്കുന്നതു നമുക്കു ശ്രദ്ധയോടെ കേൾക്കാം: (1) വിശ്വാസം സാഹചര്യങ്ങൾക്കുപരിയാണ്, (2) വിശ്വാസം പെരുമാറ്റത്തോടു കെട്ടപ്പെട്ടിരിക്കുന്നു, (3) സത്യനമസ്ക്കാരത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നു.

വിശ്വാസപാതയിൽ യാത്ര ചെയ്യുവാൻ യേശു ശമര്യക്കാരി സ്ത്രീ

യോടു ആവശ്യപ്പെട്ടതുപോലെ, വിശ്വാസയാത്ര ചെയ്യുവാൻ നിങ്ങളെയും എന്നേയും യേശു ക്ഷണിക്കുകയാണ്!

---

കുറിപ്പുകൾ

[1]ബേസ്ബോൾ കളിയിൽ, ഒരു കളിക്കാരൻ മൂന്നു തവണ അടിച്ചാൽ (അടിക്കുന്നതിൽ പരാജയപ്പെട്ടാൽ), അയാൾ "പുറത്താകും"; അതായതു അയാളുടെ അവസരം നഷ്ടമായി എന്നർത്ഥം. [2]എസ്രാ 4:2–5. [3]എം. നിഡ്. 4:1. ദ മിഷ്നാ, തൽമൂദിന്റെ ഭാഗമാണ്, അതു യെഹൂദ പാരമ്പര്യമായി പറയുന്ന നിയമമാണ്. യെഹൂദ പാരമ്പര്യമനുസരിച്ചു അതു തുടങ്ങിയതു മോശെയുടെ കാലത്താണ് (ബി.സി. 1200), അതു മനപ്പാഠമാക്കി തലമുറകൾക്കു കൈമാറിയിരുന്നു എ.ഡി. 70 മുതൽ 200 വരെ എഴുത്തു രൂപത്തിലാക്കി. [4]എം. ഷെബി. 8:10. [5]റ്റിബി. ഏബി. 1:5. താൽമൂദ് യെഹൂദന്മാരുടെ മതപരവും ലൗകികവുമായ നിയമങ്ങൾ എഴുതിയ ശേഖരമായിരുന്നു. അതിനു രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു: ദ മിഷ്നാ, യെഹൂദന്മാരുടെ ഓറൽ നിയമങ്ങളും, പിന്നെ, ദ ജെമാറാ, ഈ നിയമങ്ങളെക്കുറിച്ചു പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളും വാദങ്ങളുമാണ്. [6]അവരുടെ ചില ഭർത്താക്കന്മാർ മരിച്ചിരിക്കാനും സാധ്യതയുണ്ട്. എങ്ങനെയായാലും, സന്ദർഭം വ്യക്തമാക്കുന്നതു വിവാഹമോചനമാണ്. [7]ജെയിംസ് ഡി. ബെയിൽസിന്റെ *ഇൻസ്ട്രമെന്റൽ മ്യൂസിക്ക് ആന്റ് ന്യൂ ടെസ്റ്റമെന്റ് വർഷിപ്പ്* (സിയേഴ്സി, ആർക്ക്.: ജെയിംസ് ഡി. ബെയിൽസ്, 1973), 15–30. [8]ജോൺ കില്ലിഞ്ചർ, *ക്രൈസ്റ്റ് ഇൻ ദ സീസൺസ് ഓഫ് മിനിസ്ട്രി* (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 67.

© 2009 Truth for Today